# CAREER Updates

# പത്രവൃത്താന്തം

**17.07.2024 (ബുധൻ)**



- 2024 ജൂലൈയിൽ എത്ര സംരക്ഷിത കേന്ദ്രങ്ങളെയാണ് യുനെസ്കോ തങ്ങളുടെ ബയോസ്ഫിയർ റിസർവ് നെറ്റ്‌വർക്കിന്റെ ഭാഗമായ ബയോസ്ഫിയർ റിസർവുകളായി പ്രഖ്യാപിച്ചത്?
- ✔ 11
- ഇതോടെ 136 ലോകരാജ്യങ്ങളിലായി ബയോസ്ഫിയർ റിസർവ് നെറ്റ്‌വർക്കിന്റെ ഭാഗമായ ആകെ സൈറ്റുകളുടെ എണ്ണം 759 ആയി.

കേംപെൻ-ബ്രോക്ക് ട്രാൻസ്ബൗണ്ടറി (ബെൽജിയം-നെതർലന്റ്സ്), ഡേരിയൻ നോർട്ടെ ചോക്കോവാനോ (കൊളംബിയ), മാഡ്രെ ഡി ലാസ് അഗ്വാസ് (ഡൊമിനിക്കൻ റിപ്പബ്ലിക്), നിയുമി (ഗാംബിയ), കോളി യൂഗേനി (ഇറ്റലി), ജൂലിയൻ ആൽപ്സ് ട്രാൻസ്ബൗണ്ടറി (ഇറ്റലി-സ്ലോവേനിയ), ഖാർ അസ് തടാക ബയോസ്ഫിയർ റിസർവ് (മംഗോളിയ), വാപായാഓസ് (ഫിലിപ്പീൻസ്), ചാങ്ന്യോങ് (ദക്ഷിണ കൊറിയ), വാൽ ഡി അരാൻ (സ്പെയിൻ), ഇരാതി (സ്പെയിൻ) എന്നിവയാണ് 11 ബയോസ്ഫിയർ റിസർവുകൾ.

- 2024 ജൂലൈയിൽ മൊറോക്കോയിൽ നടന്ന യുനെസ്കോയുടെ മാൻ ആന്റ് ബയോസ്ഫിയർ പ്രോഗ്രാമിന്റെ ഇന്റർനാഷണൽ കോർഡിനേറ്റിംഗ് കൗൺസിലിന്റെ 36-ാമത് സമ്മേളനത്തിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനമുണ്ടായത്.

- 2024 ജൂലൈയിൽ ഇറ്റലി വേദിയായ ഇന്റർനാഷണൽ ഷൂട്ടിംഗ് സ്പോർട് ഫെഡറേഷന്റെ ജൂനിയർ ലോകകപ്പിൽ വനിതകളുടെ ട്രാപ്സ് വിഭാഗത്തിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ താരം
- ✔ സബീറ ഹാരിസ്
- 2024 ജൂലൈയിൽ പ്രവർത്തനമാരംഭിച്ച, നാർക്കോട്ടിക്സുമായി ബന്ധപ്പെട്ട ഇന്ത്യയുടെ പ്രഥമ ദേശീയ ടോൾ ഫ്രീ ഹെൽപ്‌ലൈൻ സംവിധാനം
- ✔ മാനസ് (മാദക് പദാർത്ഥ് നിഷേധ് ആസൂച്ന കേന്ദ്ര)
- 1933 എന്നതാണ് ഇതുമായി ബന്ധപ്പെട്ട ടോൾ ഫ്രീ നമ്പർ.
- 2024 ജൂലൈയിൽ നടക്കുന്ന ശ്രീലങ്കൻ ടി-20 പരമ്പരയ്ക്കുള്ള ഇന്ത്യൻ ദേശീയ ടീമിനെ നയിക്കുന്നത്
- ✔ ഹാർദ്ദിക് പാണ്ഡ്യ

CAREER GUIDANCE BUREAU

- 2024 ജൂലൈയിൽ ഏത് ഇന്ത്യൻ ഗവേഷണ സ്ഥാപനമാണ് ഇന്ത്യയെ ആഗോളപ്രസക്തിയുള്ള ചെസ്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ പ്രഖ്യാപിച്ചത്?
- ✔ ഐ.ഐ.ടി. മദ്രാസ് സെന്റർ ഓഫ് എക്സലൻസ് ഇൻ സ്പോർട്സ് സയൻസ് ആന്റ് അനലിറ്റിക്സ്
- പുരപ്പുറ സോളാർ പ്ലാന്റ് നിർമ്മാണത്തിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ പ്രധാൻമന്ത്രി സൂര്യഘർ യോജനയുടെ നടത്തിപ്പിൽ കേരളത്തിന്റെ സ്ഥാനം
- ✔ മൂന്ന്
- ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളാണ് യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ.
- 2024 ജൂലൈയിൽ ബി.എസ്.എൻ.എൽ.ന്റെ പുതിയ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറായി നിയമിതനായത്
- ✔ റോബർട്ട് ജെ. രവി

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999